പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.315 08.06.2015-ൽ മറുപടിയ്ക്ക്

**നീന്തൽക്കുളം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറവിലങ്ങാട് ദേവമാതാകോളേജിലെ നീന്തൽക്കുളം നിർമ്മാണം സംബന്ധിച്ച് LAC-ADF വഴി സമർപ്പിച്ച 107303/NCB/Fin/2014 നമ്പർ ഫയൽ കേരളാ സ്പോർട്ട്സ് കൗൺസിലിന് അയച്ചതിനുശേഷം തിരികെ കിട്ടുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; ഈ ഫയൽ എത്രയും വേഗം ക്ലീയർ ചെയ്ത് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കുറവിലങ്ങാട് ദേവമാതാ കോളേജിലെ നീന്തൽക്കുള നിർമ്മാണത്തിനായി സർക്കാരിൽ ലഭിച്ച പ്രൊപ്പോസലിന്മേൽ LAC-ADF വിഹിതം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി വിഹിതം, മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് 331/എ2/15/കാ.യു.വ തീയതി; 25.02.2015 പ്രകാരം കത്ത് അയച്ചിരുന്നു. ഇതു സംബന്ധിച്ച് പ്രൊപ്പോസലുകൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ലഭ്യമല്ലാതിരുന്നതിനാലും 2015-16 -ലെ പദ്ധതിവിഹിതത്തിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും SMILE പദ്ധതിയിലുൾപ്പെടുത്തി 'ടി' നീന്തൽക്കുള നിർമ്മാണം നടപ്പിലാക്കാനാകുമോ എന്നതും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുന്നതിനായി കായികയുവജന കാര്യാലയത്തിലേയ്ക്ക് 08.04.2015-ലെ KSSC/B3/2377/14 നം.കത്ത് റിപ്പോർട്ടിനായി അയച്ചിരിക്കുകയാണ്. |
| (ബി) | കേരളാ സ്പോർട്ട്സ് കൗൺസിൽ. ഈ പദ്ധതിക്ക് പുതുക്കിയ എസ്റ്റിമേറ്റു തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഈ ഫയൽ ഇപ്പോൾ ആരുടെ കൈവശമാണ്. ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ? | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി യിട്ടില്ല. ഈ വിഷയം സംബന്ധിച്ച സർക്കാർ ഫയൽ കായികയുവജനകാര്യ (എ) വകുപ്പിൽ ലഭ്യമാണ്. |

Mariyam M

സെക്ഷൻ ഓഫീസർ